(സി) സംസ്ഥാനത്താകെ ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകർക്കാണ് ഇനി വൈദ്യുതി കണക്ഷനുകൾ നൽകാനുള്ളതെന്നതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.†

(ബി) പോസ്റ്റ് ആവശ്യമായി വരുന്ന കണക്ഷനുകൾ 31-12-2001 വരെ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവ 30-6-2004 വരെ രജിസ്റ്റർ ചെയ്തവർക്കുമാണ് നൽകിയിട്ടുള്ളത്.

(സി) അനുബന്ധം II ആയി ചേർക്കുന്നു.††

വൈദ്യുതി താരിഫ് നിരക്കുകളുടെ പട്ടിക

17 [335] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് നിലവിലുള്ള വൈദ്യുതി താരിഫ് നിരക്കുകളുടെ പട്ടിക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2001 മേയ് മാസം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വൈദ്യുതി താരിഫ് നിരക്കുകളുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ഏതെങ്കിലും വിഭാഗത്തിന് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ സൗജന്യ വൈദ്യുതി ലഭ്യമാക്കുന്ന എത്ര ഉപഭോക്താക്കളാണ് സംസ്ഥാനത്താകെയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇങ്ങനെ സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനായി പ്രതിവർഷം എത്ര തുക ചെലവഴിക്കേണ്ടി വരുന്നുവെന്ന് വിശദമാക്കുമോ;

(എഫ്) ഐ.റ്റി. രംഗത്തെ വ്യവസായ സ്ഥാപനങ്ങൾക്കും ഇതര ഐ.റ്റി. സ്ഥാപനങ്ങൾക്കും ഏതു നിരക്കിലാണ് വൈദ്യുതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) ഇത്തരം സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ എന്തെല്ലാം ഇളവുകളാണ് ലഭ്യമാക്കുന്നതെന്നും ഇതുവഴി പ്രതിവർഷം എത്ര തുക ബോർഡിന് നഷ്ടമാകുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടിക ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുണ്ട്.

† അനുബന്ധം V

†† അനുബന്ധം V A

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള പ്രതിമാസം 20 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും കുടിർ ജ്യോതി വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്കും സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നുണ്ട്.

(ഡി) 31-3-2004 വരെ 4621 ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്.

(ഇ) 31-3-2004-ൽ അവസാനിച്ച വർഷത്തിൽ ഈ ഇനത്തിൽ 3.80 കോടി രൂപ ചെലവഴിക്കേണ്ടിവന്നു.

(എഫ്) ഐ.റ്റി. രംഗത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് വ്യവസായ നിരക്കായ LT IV താരിഫിലും സർവ്വീസ് മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് എൽ.റ്റി. VI (ബി) താരിഫിലും വാണിജ്യ സ്ഥാപനങ്ങൾക്ക് എൽ.റ്റി. VII താരിഫിലുമാണ് വൈദ്യുതി നൽകുന്നത്.

(ജി) വ്യത്യസ്ത താരിഫ് നിരക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഐ.ടി. രംഗത്തെ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇളവുകൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല. 31-3-2004 അവസാനിച്ച വർഷത്തിൽ ബോർഡിന്റെ മൊത്ത ചെലവിന്റെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി ചെലവ് 4 രൂപ 56 പൈസ ആകുമ്പോൾ എൽ.റ്റി.-എ IV വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റിന് 4 രൂപ 7 പൈസ എന്ന് നിരക്കിലും എൽ.റ്റി. VI വാണിജ്യേതര വിഭാഗത്തിലെ ഉപഭോക്താക്കളിൽ നിന്നും 5 രൂപ 77 പൈസ എന്ന നിരക്കിലും എൽ.റ്റി. VII വാണിജ്യ വിഭാഗത്തിൽ നിന്നും 6 രൂപ 59 പൈസ എന്ന നിരക്കിലുമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്.

താരിഫ് റേറ്റ് ബില്ലിന്റെ മറുപുറത്ത് രേഖപ്പെടുത്താൻ നടപടി

18 [336] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ദ്വൈമാസ ബില്ലിംഗ് സിസ്റ്റം നടപ്പിലാക്കിയതിനുശേഷം ഓരോ സ്ളാബിൽപ്പെട്ട ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന താരിഫ് റേറ്റ് കാണിക്കുന്ന പട്ടിക ബില്ലിന്റെ മറുപുറത്ത് സൂചിപ്പിച്ചിരുന്ന സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഓരോ ഉപഭോക്താക്കളും ഉപയോഗിച്ച ഒരു യൂണിറ്റ് കറണ്ടിന് നൽകേണ്ട വില എത്രയെന്ന് വ്യക്തമായി ബില്ലിന്റെ മറുപുറത്ത് രേഖപ്പെടുത്താൻ വേണ്ട നിർദ്ദേശം ബോർഡിന് നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly